# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 235** | **28/10/2019-ൽ മറുപടിക്ക്**

## പരസ്യം നൽകി മരുന്നുകൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.എ.പ്രദീപ്കുമാർ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| **എ)** | നിരവധി രോഗങ്ങളെ സംബന്ധിച്ചും അവയ്ക്കുള്ള മരുന്നുകളെ സംബന്ധിച്ചും ദൃശ്യ-പത്ര-മാധ്യമങ്ങളിൽ പരസ്യം നൽകി മരുന്നുകൾ മാർക്കറ്റ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** | ഉണ്ട്. |
| **ബി)** | ഈ വിധത്തിൽ മരുന്നുകൾ മാർക്കറ്റ് ചെയ്യുന്നത് നിയമപ്രകാരമാണോയെന്ന് വിശദമാക്കാമോ; അല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | **ബി)** | 2018 ഡിസംബറിൽ ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾ 1945-ൽ കൂട്ടിച്ചേർക്കപ്പെട്ട 170 ചട്ടപ്രകാരം ആയുർവേദ സിദ്ധ യുനാനി മരുന്നുകൾക്ക് പരസ്യം ചെയ്യണമെങ്കിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. |
| **സി)** | ശാസ്ത്രീയമായ പരിശോധനയില്ലാതെ പരസ്യം മുഖേന മാർക്കറ്റ് ചെയ്യുന്ന മരുന്നുകൾ ജനങ്ങളിൽ ഉണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഈ വിധത്തിലുള്ള പരസ്യങ്ങളും മരുന്നു വില്പനയും തടയുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | **സി)** | വ്യക്തമായ അനുമതിയോടു കൂടിയല്ലാതെ പരസ്യം മുഖേന മാർക്കറ്റ് ചെയ്യപ്പെടുന്ന മരുന്ന് കമ്പനികൾക്കെതിരെ Drugs & Magic Remedies (Objectionable Advertisements) Act, 1954 -ന്റെയും, Drugs & Cosmetics Rules, 1945 –ലെ Schedule J – ന്റെയും അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**